**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **29-01-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് ജീപ്പ് തല്ലിതകർത്തത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാലക്കുടിയിൽ പോലീസ് ജീപ്പ് തല്ലിതകർത്ത സംഭവത്തിൽ പ്രതികൾ ആരൊക്കെയാണെന്നും അവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ പോഷക സംഘടനയുടെയോ ഭാരവാഹിത്വം വഹിക്കുന്നവരാണോ എന്നും വ്യക്തമാക്കാമോ; | (എ) | ചാലക്കുടിയിൽ പോലീസ് വാഹനം കേടുവരുത്തിയ സംഭവത്തിന് ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1589/2023 U/s 143, 147, 341, 283, 353, 427, 308, 149 IPC & Sec 3(1) PDPP ആക്ട് പ്രകാരം താഴെ പറയുന്ന 18 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിധിൻ, ജിയോ, നിർമ്മൽ, അഫ്സൽ, വിൽഫിൻ, സനൽ ഷാജഹാൻ, സാന്ദ്രാ ബോസ്, ഷെമിം, ഗ്യാനേഷ്, ഭവിൻ, സാംസൺ ആന്റണി, അഭിലാഷ്, അരുൺ ഒല്ലൂർ, കാർത്തിക്, അശ്വിൻ, മഹി, യദു കൃഷ്ണൻ, മിഥുൻ.ടി എന്നിവരാണ് പ്രതിപ്പട്ടികയിൽ ഉള്ളത്.<br><br>ഈ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ അവരുടെ രാഷ്ട്രീയ ബന്ധം അറിവായിട്ടില്ല. അറസ്റ്റ് ചെയ്തിട്ടുള്ള പ്രതികൾ വിദ്യാർത്ഥി-യുവജന സംഘടനാ പ്രവർത്തകരാണ്. |
| (ബി) | ഈ കേസിൽ ഏതൊക്കെ വകുപ്പുകളാണ് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രഥമ വിവര റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1589/2023 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു.<br><br>1 മുതൽ 4 കൂടിയ പ്രതികളുടെ നേതൃത്വത്തിൽ കണ്ടാൽ അറിയാവുന്ന 20 ഓളം പ്രതികൾ പോലീസ് വാഹനം തടഞ്ഞു നിറുത്തി സർക്കാർ വാഹനമായ പോലീസ് ജീപ്പിന് കേടുപാടുകൾ വരുത്തിയതിൽ വച്ച് സുമാർ 1,00,000/- രൂപയുടെ നാശനഷ്ടം സംഭവിക്കുന്നതിനും ഇടയാക്കി. |
| (ഡി) | പോലീസ് കസ്റ്റഡിയിലെടുത്ത പ്രതിയെ ബലം പ്രയോഗിച്ച് മോചിപ്പിച്ചതുമായി ബന്ധപ്പെട്ട് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ | (ഡി) | ഉണ്ട്. പോലീസ് കസ്റ്റഡിയിൽ എടുത്ത പ്രതിയെ ബലം പ്രയോഗിച്ച് മോചിപ്പിച്ചതുമായി ബന്ധപ്പെട്ട് ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ |

| | | | |
|---|---|---|---|
| | ആർക്കെല്ലാമെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തി കേസെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ? | | 1590/2023 U/s 143, 147, 341, 353, 225, 225-b, 149 IPC & Sec 117 (e) of KP Actആയി 1. അശോകൻ, 2. ഗോപി, 3. ജിൽ ആന്റണി, 4. നിധിൻ, 5. സാംസൻ ആന്റണി, 6. അഫ്സൽ, 7. നിർമ്മൽ, 8. ജയതിലകൻ, 9. തോമസ്, 10. മഹി, 11. അഭിലാഷ്, 12. അരുൺ, 13. അശ്വിൻ, 14. ഭവിൻ, 15. കാർത്തിജ്, 16. സനൽ ഷാജഹാൻ എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ